# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 14.06.2024**

### പ്രധാനവാർത്തകൾ

1). ജി-7 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ലോക നേതാക്കളുമായി കൂടിക്കാഴ്ച നടത്തി.

2). കുവൈറ്റ് ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവർക്ക് നാടിന്റെ അന്ത്യാഞ്ജലി. പ്രത്യേക വ്യോമസേനാ വിമാനത്തിൽ കൊച്ചിയിലെത്തിച്ച ഭൗതിക ശരീരങ്ങളിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള പ്രമുഖർ അന്തിമോപചാരം അർപ്പിച്ചു.

3) ലോക കേരള സഭയുടെ നാലാം പതിപ്പിന് തിരുവനന്തപുരത്ത് തുടക്കം.

4) ആലപ്പുഴ ജില്ലയിൽ, കാക്കയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ജില്ലാ ഭരണകൂടം.

5) മിഥുനമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു

6) ഐസിസി ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് യു.എസ്.എ, അയർലണ്ടിനെ നേരിടും. യൂറോ കപ്പ് ഫുട്ബോൾ മത്സരങ്ങൾക്ക് ജർമനിയിൽ ഇന്ന് തുടക്കം.

RNU TVPM

******************************************

## പ്രധാനമന്ത്രി ജി-7 ഉച്ചകോടി

ജി-7 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ലോക നേതാക്കളുമായി ഇറ്റലിയിൽ കൂടിക്കാഴ്ച നടത്തി. ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച നടത്തിയ പ്രധാനമന്ത്രി പ്രതിരോധം, ആണവം, ബഹിരാകാശം തുടങ്ങി വിവിധ മേഖലകളിൽ ഇരു രാജ്യങ്ങൾക്കിടയിലെയും സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ചർച്ചകളിൽ ഏർപ്പെട്ടു. മേക്ക് ഇൻ ഇന്ത്യയ്ക്ക് ഊന്നൽ നൽകി പ്രതിരോധ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഇരു നേതാക്കളും ധാരണയിൽ എത്തി. പാരീസ് ഒളിമ്പിക്സ് വിജയകരമായ സംഘടിപ്പിക്കുന്നതിന് ഫ്രഞ്ച് പ്രസിഡൻറിന്, ശ്രീ മോദി ആശംസകൾ നേർന്നു. യുകെ പ്രധാനമന്ത്രി റിഷി സുനകുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-യുകെ സമഗ്ര നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ ഇരുവർക്കുമിടയിൽ നടന്നു. യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായും ശ്രീ മോദി ഇന്ന് കൂടിക്കാഴ്ച നടത്തിയിരുന്നു. യുക്രൈനിലെ സ്ഥിതിഗതികൾ സംബന്ധിച്ച ചർച്ചയിൽ, റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന ഇന്ത്യൻ നിലപാട് പ്രധാനമന്ത്രി ആവർത്തിച്ചു. ജി-7 സമ്മേളനത്തിൻറെ ഭാഗമായി ഇന്ന് നടക്കുന്ന ഔട്ട് റീച്ച് ഉച്ചകോടിയിൽ പങ്കെടുക്കാനായാണ് ശ്രീ നരേന്ദ്രമോദി ഇറ്റലിയിൽ എത്തിയത്.

****************************************

## കുവൈറ്റ് ദുരന്തം - അന്ത്യാഞ്ജലി

കുവൈറ്റ് ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവർക്ക് നാടിൻ്റെ അന്ത്യാഞ്ജലി. വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ കൊച്ചി

RNUTVPM

വിമാനത്താവളത്തിൽ എത്തിച്ച ഭൗതികശരീരങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രിമാരായ കീർത്തി വർദ്ധൻ സിങ്, സുരേഷ് ഗോപി, സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ് തുടങ്ങിയ പ്രമുഖർ അന്തിമോപചാരം അർപ്പിച്ചു. ആദരസൂചകമായി ഗാർഡ് ഓഫ് ഓണർ നൽകിയ ശേഷമാണ് മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറിയത് . തുടർന്ന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ആംബുലൻസുകളിൽ മൃതദേഹങ്ങൾ വീടുകളിലേക്ക് കൊണ്ടുപോയി. 23 മലയാളികളെ കൂടാതെ ഏഴ് തമിഴ്നാട് സ്വദേശികളുടെയും, കർണാടകയിൽ നിന്നുള്ള ഒരു വ്യക്തിയുടെയും ഭൗതികശരീരങ്ങളാണ് ഇന്ന് രാവിലെ 11.30 ഓടെ കൊച്ചി വിമാനത്താവളത്തിൽ ഏറ്റുവാങ്ങിയത്. തമിഴ് നാട് ന്യൂനപക്ഷ ക്ഷേമ മന്ത്രി സെൻജി മസ്താനും കർണാടകയിൽ നിന്നുള്ള ഉദ്യോഗസ്ഥ പ്രതിനിധികളും മൃതദേഹം ഏറ്റുവാങ്ങാൻ കൊച്ചിയിൽ എത്തിയിരുന്നു. കുവൈറ്റ് ദുരന്തത്തിൽ മരിച്ച 45 പേരുടെ ഭൗതികശരീരങ്ങളാണ് പ്രത്യേക വ്യോമസേന വിമാനത്തിൽ ഇന്ന് രാജ്യത്ത് മടക്കി എത്തിച്ചത്.

RNU TVPM

****************************************

**<u>മൃതദേഹം വീട്ടിലെത്തിച്ചു</u>**

കുവൈറ്റ് ദുരന്തത്തിൽ മരണമടഞ്ഞവരിൽ പത്തനംതിട്ട സ്വദേശികളായ ആറ് പേരുടെ മൃതദേഹങ്ങൾ ഇന്ന് ഉച്ചതിരിഞ്ഞ് വീടുകളിലെത്തിച്ചു. കൊച്ചി വിമാനത്താവളത്തിൽ നിന്നും പ്രത്യേക ആംബുലൻസിൽ പോലീസ് അകമ്പടിയോടെ ആണ് വീട്ടിൽ എത്തിച്ചത്. പന്തളം സ്വദേശി ആകാശ് എസ്.

നായർ, കോന്നി  ചെന്നശേരിൽ സജു വർഗീസ്, കീഴ്വായ്പൂർ സ്വദേശി സിബിൻ ടി.എബ്രഹാം,  തിരുവല്ല മേപ്രാൽ ചിറയിൽ തോമസ് ഉമ്മൻ,  നിരണം സ്വദേശി മാത്യു ജോർജ്, വാഴമുട്ടം സ്വദേശി  പി.വി മുരളീധരൻ നായർ  എന്നിവരുടെ ഭൗതിക ശരീരങ്ങൾ തിരുവല്ലയിൽ   ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, പത്തനംതിട്ട ജില്ലാ കളക്ടർ തുടങ്ങിയവർ ചേർന്ന് ഏറ്റുവാങ്ങി. ദുരന്തത്തിൽ മരിച്ച കൊല്ലം കടവൂർ  സ്വദേശി സുമേഷ്  എസ്. പിള്ളയുടെ  മൃതദേഹവും വീട്ടിലെത്തിച്ചു.  മന്ത്രി ജെ  ചിഞ്ചുറാണിയും ജനപ്രതിനിധികളും ഉൾപ്പെടെ വൻ ജനാവലി വീട്ടിലെ പൊതുദർശനവേളയിൽ ആദരാഞ്ജലി അർപ്പിക്കാനെത്തി. ചാവക്കാട് പാലയൂർ സ്വദേശി ബിനോയ് തോമസിൻറെ  മൃതദേഹം വീട്ടിലെത്തിച്ചപ്പോൾ കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉൾപ്പെടെയുള്ളവർ അന്ത്യാഞ്ജലി അർപ്പിക്കാനായി എത്തിയിരുന്നു.   കോട്ടയം പാമ്പാടി സ്വദേശി സ്റ്റെഫിൻ, ഇത്തിത്താനം സ്വദേശി ശ്രീഹരി, പായിപ്പാട് സ്വദേശി ഷിബു വർഗീസ് എന്നിവരുടെ   മൃതദേഹങ്ങളും ഇന്ന് ഉച്ചയ്ക്ക് ശേഷം  നാട്ടിലെത്തിച്ചു. നാട്ടുകാരും ബന്ധുക്കളുമടക്കം വൻജനാവലിയാണ് പ്രിയപ്പെട്ടവർക്ക് അന്തിമോപചാരം അർപ്പിക്കാൻ ഇവിടെ കാത്തുനിന്നിരുന്നത്. ദുരന്തത്തിൽ മരിച്ച മലപ്പുറം തിരൂർ  സ്വദേശി നൂഹിന്റെ മൃതദേഹം കൂട്ടായി റാത്തീബ് പള്ളിയിൽ വൻ ജനാവലിയുടെ സാന്നിധ്യത്തിൽ കബറടക്കി.

****************************************

RNU TVPM

**<u>ലോക കേരള സഭ - മുഖ്യമന്ത്രി</u>**

ലോക കേരള സഭയുടെ നാലാം പതിപ്പിൻ്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു. കുവൈറ്റ് ദുരന്തത്തിൽ മരണമടഞ്ഞ പ്രവാസികളുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ടാണ ് മുഖ്യമന്ത്രി സമ്മേളനത്തിന് തുടക്കം കുറിച്ചത്. പ്രവാസ ലോകം കണ്ട ഏറ്റവും വലിയ ദുരന്തമാണിതെന്നും, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ ഉണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ദുരന്തത്തിൽ ഇരയായവർക്ക് നഷ്ടപരിഹാരം ഉറപ്പാക്കണമെന്നും , കേന്ദ്രവും സംസ്ഥാനവും ഒരുമിച്ചുള്ള പ്രവർത്തനമാണ് ഇത്തരം സന്ദർഭങ്ങളിൽ വേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. പ്രവാസി ക്ഷേമം സംബന്ധിച്ച ചർച്ചകൾക്കുള്ള വേദിയാണ് ലോക കേരള സഭയെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

**(ഹോൾഡ്)**

കുവൈറ്റ് ദുരന്തത്തിൻ്റെ പശ്ചാത്തലത്തിൽ നേരത്തെ നിശ്ചയിച്ചതിലും വൈകിയാണ് ലോക കേരള സഭാ സമ്മേളനം ആരംഭിച്ചത്. വൈകി ആരംഭിച്ചതിനാൽ സമ്മേളനത്തിൻ്റെ ആദ്യ ദിനത്തിലെ നടപടി ക്രമങ്ങൾ രാത്രിയിലും തുടരും.

**************************************

## പക്ഷിപ്പനി

ആലപ്പുഴ ജില്ലയിൽ, കാക്കയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജില്ലാ ആർ ആർ ടി യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ കോഴി, താറാവ് എന്നീ പക്ഷികളിൽ നേരത്തെ രോഗം റിപ്പോർട്ട് ചെയ്തിരുന്നു. കാക്കകൾ 10 കിലോമീറ്ററിൽ അധികം ദൂരം സഞ്ചരിക്കുന്ന സാഹചര്യത്തിൽ രോഗംപകരുന്നതിനുള്ള സാധ്യത കൂടുതലാണ് .വളർത്തു മൃഗങ്ങളെയും പക്ഷികളെയും പരിപാലിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മൃഗങ്ങളോ പക്ഷികളോ അസ്വാഭാവികമായി ചത്ത്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അടുത്തുള്ള മൃഗാശുപത്രിയിലും ആരോഗ്യകേന്ദ്രത്തിലും അറിയിക്കേണ്ടതാണ് . ഇൻഫ്ളുവൻസ പോലെയുള്ള രോഗലക്ഷണങ്ങൾ കണ്ടാൽ ആശുപത്രിയിൽ ചികിത്സ തേടണം.

**************************************

RNU TVPM

## ശബരിമല

മിഥുനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകുന്നേരം അഞ്ചിന് തുറന്നു. തന്ത്രിയുടെ മുഖ്യ കാർമികത്വത്തിൽ മേൽശാന്തി നടതുറന്ന് ദീപം തെളിച്ചു. ഇന്ന് പൂജകൾ ഒന്നും തന്നെ ഉണ്ടായിരിക്കില്ല. മിഥുനം ഒന്നായ നാളെ പുലർച്ചെ അഞ്ചിനു നട തുറക്കും.

**************************************

## സിവിൽ സർവീസ് ആദ്യഘട്ട പരീക്ഷ

UPSC നടത്തുന്ന 2024- ലെ സിവിൽ സർവീസ് പരീക്ഷയുടെ ആദ്യഘട്ടം ജൂൺ 16-ന് നടക്കും. രാവിലെ 9.30 മുതൽ 11.30

വരെയും 2.30 മുതൽ 4.30 വരെയുമുള്ള
രണ്ട് സെഷനുകളായാണ് പരീക്ഷ. കേരളത്തിൽ
തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ
61 കേന്ദ്രങ്ങളിലായി ഏകദേശം 23,666 പേരാണ് പരീക്ഷ
എഴുതുന്നത്. പരീക്ഷാർത്ഥികളുടെ സൗകര്യാർത്ഥം
പൊതുഗതാഗത സൗകര്യങ്ങൾ കൂടുതൽ
ലഭ്യമാക്കാൻ കെ.എസ്.ആർ.ടി.സി നടപടികൾ സ്വീകരിക്കും.

****************************************

**<u>കേരള ഗ്രോ ഔട്ലെറ്റുകൾ</u>**

സംസ്ഥാന കൃഷി വകുപ്പിൻറെ ആഭിമുഖ്യത്തിൽ പ്രവർത്തനം
ആരംഭിച്ച കേരളഗ്രോ ഔട്ലെറ്റുകളും മില്ലറ്റ് കഫെയും, എല്ലാ
ജില്ലകളിലും വില്പനകേന്ദ്രങ്ങൾ ഉൾപ്പെടുത്തി പ്രവർത്തനം
വിപുലീകരിക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ് . ഫാം ഫ്രഷ്
പച്ചക്കറികളും, പഴങ്ങളും പ്രസ്തുത കേന്ദ്രങ്ങൾ വഴി വിപണനം
നടത്തും. തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശൂർ എന്നീ
ജില്ലകളിൽ ഔട്ലറ്റുകൾ പ്രവർത്തനസജ്ജമാണെന്നും മറ്റ്
ജില്ലകളിൽ ജൂലൈ ആദ്യവാരത്തോടെ പ്രവർത്തനം
ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു .

****************************************

**<u>കാസർകോട് - (ഇൻട്രോ)</u>**

ഭൗമസൂചിക പദവി ലഭിച്ച ഇന്ത്യൻ കൈത്തറി ബ്രാൻറായ
കാസർഗോഡൻ സാരിയുടെ വിപണി ശക്തമാക്കുന്നതിനായി
നൂതന പദ്ധതികൾ തയ്യാറാക്കാൻ ഒരുങ്ങി ജില്ലാ ഭരണകൂടം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി
കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ..
(വോയിസ്...........)

RNUTVPM

****************************************

## ക്രിക്കറ്റ്

ഐസിസി ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് യു.എസ്.എ, അയർലണ്ടിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിയ്ക്കാണ് മത്സരം. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ഒമാനെ എട്ട് വിക്കറ്റിന് തോൽപ്പിച്ച് സൂപ്പർ എട്ടിലെത്താനുള്ള പ്രതീക്ഷകൾ ഇംഗ്ലണ്ട് സജീവമാക്കി. മറ്റൊരു മത്സരത്തിൽ അഫ്ഗാനിസ്ഥാൻ ഇന്ന് പാപ്പുവ ന്യൂഗിനിയെ 7 വിക്കറ്റിന് പരാജയപ്പെടുത്തി.

****************************************

## യൂറോ കപ്പ്

യൂറോ കപ്പ് ഫുട്ബോൾ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഒരു മാസം നീണ്ടു നിൽക്കുന്ന ആവേശ പോരാട്ടങ്ങൾക്കാണ് ജർമ്മനി വേദിയാകുക. മ്യൂണിക്കിലെ ഫുട്ബോൾ അരീനയിൽ ആതിഥേയരായ ജർമനിയും സ്കോട്ട്ലൻഡും രാത്രി 12.30 ന് ഏറ്റുമുട്ടുന്നതോടെയാണ് പോരാട്ടങ്ങൾക്ക് തുടക്കമാകുന്നത്. 24 ടീമുകൾ യൂറോ കപ്പിൽ പങ്കെടുക്കുന്നുണ്ട്.

RIUTVPM

****************************************

****************************************

*****************